**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4307** **06-03-2023 - ൽ മറുപടിയ്ക്ക്**

**ലക്കി ബിൽ ആപ്പിന്റെ ഉപയോഗം വർധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലക്കി ബിൽ ആപ്പിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ലക്കി ബിൽ ആപ്പിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 2022ഓഗസ്റ്റ് മാസം 16 -ആം തീയതിയാണ് ലക്കി ബിൽ ആപ്പ് പ്രാവർത്തികമാകുന്നത്. അന്നുമുതൽ 2023 മാർച്ച് മാസം 1 - ആം തീയതി വരെ 10,96,453 ബില്ലുകൾ ആണ് അപ് ലോഡ് ചെയ്യപ്പെട്ടത്. ജനങ്ങളിൽ ബില്ല് ചോദിച്ചു വാങ്ങുക എന്ന പ്രവണത വളർത്തിയെടുക്കാൻ ലക്കി ബിൽ മൊബൈൽ ആപ്പ് മൂലം വളരെയധികം സഹായകരമായിട്ടുണ്ട്. ദിനം പ്രതി നാലായിരത്തിലധികം ബില്ലുകൾ അപ് ലോഡ് ചെയ്യപ്പെടുന്നുണ്ട്. ഇതുവരെ 1,09,766 ഉപയോക്താക്കൾ ലക്കി ബിൽ ആപ്പിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.<br><br>10,96,453 ബില്ലുകളാണ് ഇതുവരെ അപ് ലോഡ് ചെയ്യപ്പെട്ടത്. ഇങ്ങനെ അപ് ലോഡ് ചെയ്യപ്പെടുന്ന ബില്ലുകൾ ഇൻവെസ്റ്റിഗേഷനു വേണ്ടിയും ഓഡിറ്റിനു വേണ്ടിയും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര പേർ ഈ ആപ്പ് ഉപയോഗിക്കുന്നുണ്ടെന്നും ആപ്പ് കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് മാർച്ച് 1-ാം തീയതി വരെ 1,09,766 ഉപയോക്താക്കൾ ലക്കി ബിൽ ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലക്കി ബിൽ മൊബൈൽ ആപ്പ് കൂടുതൽ ആകർഷകമാക്കാനായി കൂടുതൽ ബില്ലുകൾ അപ് ലോഡ് ചെയ്യുന്ന ഉപയോക്താക്കൾക്ക് കൂടുതൽ സമ്മാനം നൽകുന്നതോടൊപ്പം സമ്മാനാർഹമായ ബില്ലുകൾ നൽകിയ വ്യാപാരികൾക്കും സമ്മാനം ലഭ്യമാക്കുന്ന രീതിയിൽ സമ്മാനഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ പൂർത്തീയായി |

| | | | |
|---|---|---|---|
| | | | വരുന്നു. കൂടാതെ, ലക്കി ബിൽ മൊബൈൽ ആപ്പിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി പ്രതി ദിന, പ്രതി വാര, പ്രതി മാസ നറുക്കെടുപ്പുകൾ ജില്ലയിൽ വച്ച് നടത്തുന്നതിനുള്ള ഒരുക്കങ്ങളും നടന്നു വരുന്നു. കൂടാതെ, സാമൂഹിക മാധ്യമ പ്രവർത്തകർ, കോളേജുകളിലെ എൻ.എസ്.എസ് യൂണിറ്റുകൾ, റസിഡൻഷ്യൽ അസ്സോസ്സിയേഷനുകൾ എന്നിവ വഴി ആപ്പിന്റെ പ്രചാരണം നടത്തുന്നതിനായി റഫറൽ കോഡ് സംവിധാനം കൊണ്ട് വരുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |
| (സി) | ഇതിന്റെ ഭാഗമായുള്ള സമ്മാനങ്ങൾ യഥാസമയം വിതരണം ചെയ്യാറുണ്ടോയെന്നും എത്ര രൂപയുടെ സമ്മാനങ്ങളാണ് ഇതിനകം വിതരണം ചെയ്തതെന്നും വിശദമാക്കാമോ; | (സി) | സംസ്ഥാന ജി.എസ്.ടി വകുപ്പ് നടപ്പിലാക്ക് വരുന്ന ലക്കി ബിൽ മൊബൈൽ ആപ്പിലൂടെ ഇതുവരെ വിജയികൾ ആയ 1757 പേർക്ക കുടുംബശ്രീ നൽകുന്ന ഗിഫ്റ്റ് പാക്കറ്റുകളും 2061 പേർക്ക് വനശ്രീ നൽകുന്ന വന വിഭവങ്ങൾ അടങ്ങുന്ന ഗിഫ്റ്റ് പാക്കറ്റുകളു നൽകിയിട്ടുണ്ട്. കൂടാതെ, ഓഗസ്റ്റ മാസത്തിലെ ക്യാഷ് പ്രൈസ് വിജയികൾക്ക ഒന്നാം സമ്മാനമായി ഒരാൾക്ക് പത്ത് ലക്ഷം രൂപയും, രണ്ടാം സമ്മാനമായി അഞ്ച് പേർക്ക രണ്ട് ലക്ഷം രൂപ വീതവും, മൂന്നാം സമ്മാനമായി അഞ്ച് പേർക്ക് ഒരു ലക്ഷം രൂപ വീതവും നൽകി. സെപ്റ്റംബർ മാസത്തിലു ക്യാഷ് പ്രൈസ് വിജയികൾക്ക് ഒന്നാം സമ്മാനമായി ഒരാൾക്ക് പത്ത് ലക്ഷം രൂപയും, രണ്ടാം സമ്മാനമായി അഞ്ച് പേർക്ക് രണ്ട ലക്ഷം രൂപ വീതവും, മൂന്നാം സമ്മാനമായ അഞ്ച് പേർക്ക് ഒരു ലക്ഷം രൂപ വീതവു നൽകി. കൂടാതെ സെപ്റ്റംബർ മാസത്തിൽ നടന്ന ബമ്പർ നറുക്കെടുപ്പിലൂടെ 25 ലക്ഷം രൂപയും ക്യാഷ് പ്രൈസ് ആയ നൽകുകയുണ്ടായി. |
| (ഡി) | ലക്കി ബിൽ ആപ്പിൽ ജി.എസ്.ടി. നമ്പർ ഇല്ലാത്ത ബില്ലുകൾ അപ്‌ലോഡ് ചെയ്യാൻ നിലവിൽ സാധിക്കാത്ത സാഹചര്യത്തിൽ ജി.എസ്.ടി. അടയ്ക്കാൻ ബാധ്യതപ്പെട്ട ഒരു സ്ഥാപനം ഉപഭോക്താക്കൾക്ക് നൽകുന്ന ജി.എസ്.ടി. നമ്പർ ഇല്ലാത്ത ബിൽ അപ് ലോഡ് ചെയ്യുന്നതിനും ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും കഴിയുന്ന സംവിധാനം ആപ്പിന്റെ ഭാഗമായി | (ഡി) | നിലവിൽ ലക്കി ബിൽ ആപ്പിൽ ജി.എസ്.ടി നമ്പർ ഇല്ലാത്ത ബില്ലുകളും അപ് ലോഡ് ചെയ്യാൻ കഴിയും. അങ്ങനെ അപ് ലോഡ് ചെയ്യുന്ന ബില്ലുകളിൽ നിന്ന് സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ